ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജീവനക്കാര്യം - വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ജീവനക്കാരിയെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു-

പരാമർശം : 19.07.21 ലെ E-1028/2020/WPK നമ്പർ കണ്ണൂർ വനിതാ ജയിൽ സൂപ്രണ്ടിൻറെ കത്ത്.

**ഉത്തരവ് നമ്പർ. E6-22970/2021/PrHQ; തീയതി : 16-09-2021**

കണ്ണൂർ വനിതാ ജയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I, II തസ്തികകളിലായി ആകെ 6 എണ്ണമാണുള്ളതെന്നും (3+3) നിലവിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ 4 പേർ ഉണ്ടെന്നും ഒരാൾ അധികമാണെന്നും പരാമർശത്തിലൂടെ കണ്ണൂർ വനിതാ ജയിൽ അറിയിച്ചിരിക്കുന്നു.

കണ്ണൂർ വനിതാ ജയിലിൽ 3 വനിതാ ഗ്രേഡ് II ജീവനക്കാരും രണ്ട് ഗ്രേഡ് I ജീവനക്കാരും നിലവിലുണ്ടായിരുന്നപ്പോൾ ടി ജയിലിലേക്ക് കൊട്ടാരക്കര സ്പെഷ്യൽ സബ് ജയിലിലെ വനിതാ ഗ്രേഡ് II ശ്രീമതി സ്മിത പറമ്പനെ സ്ഥലം മാറ്റി നിയമിച്ചിരുന്നു. നിലവിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് ഒരു ജീവനക്കാരിയെ കണ്ണൂർ വനിതാ ജയിലിലേക്ക് നിയമിച്ചിട്ടുണ്ട്.

ഇപ്രകാരം വനിതാ ജീവനക്കാരുടെ എണ്ണം അംഗീകൃത എണ്ണത്തെക്കാൾ കൂടുതൽ ആയതിനാൽ പ്രസ്തുത അപാകത മാറ്റുന്നതിനായി കണ്ണൂർ വനിതാ ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി സ്മിത പറമ്പനെ കൊട്ടാരക്കര സ്പെഷ്യൽ സബ് ജയിലിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ടി ജയിലിൽ വനിതാ ലോക്കപ്പ് ഇല്ലാത്തതിനാൽ കണ്ണൂർ വനിതാ ജയിലിൽ ഡ്യൂട്ടിക്ക് താല്ക്കാലികമായി അറ്റാച്ച് ചെയ്ത് ഉത്തരവാകുന്നു.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരമറിയിക്കേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : 1. ശ്രീമതി സ്മിത പറമ്പൻ (സൂപ്രണ്ട് മുഖാന്തിരം)
2. സൂപ്രണ്ട്
വനിതാ ജയിൽ കണ്ണൂർ
സ്പെഷ്യൽ സബ് ജയിൽ കൊട്ടാരക്കര

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, സീനിയർ എ.ഓ., പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റ്), TC 3, ഫയൽ, കരുതൽ ഫയൽ.